**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 5689 05/07/2013-ലെ മറുപടിക്ക്

<u>സ്വാശ്രയ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ഫീസ്</u>

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.വി. ശിവൻകുട്ടി<br>" റ്റി.വി. രാജേഷ്<br>" ആർ. രാജേഷ്<br>" കെ.വി. അബ്ദുൾ ഖാദർ | | ശ്രീ. പി.കെ. അബ്ദു റബ്ബ് ( ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രി). | |
| എ | സംസ്ഥാനത്ത് സ്വാശ്രയ ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ഫീസ് വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുള്ളതായി അറിയാമോ; | എ | 2013-14 അദ്ധ്യയന വർഷം മുതൽ ഫീസ് വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| ബി | ഇത്തരം വർദ്ധനവിന് അനുമതി നൽകിയിരുന്നോ; ഇതു സംബന്ധിച്ച് മാനേജുമെന്റുകൾ സർക്കാരുമായി ചർച്ച നടത്തിയിരുന്നോ; | ബി സി & ഡി | ശമ്പളം, നികുതി , വൈദ്യുതി ചാർജ്, മെയിന്റനൻസ് തുടങ്ങിയ ചെലവുകൾ വർദ്ധിക്കുന്നതനുസരിച്ച് ആർട്സ് & സയൻസ് കോളേജുകളിലെ ഫീസ് നിരക്ക് വർദ്ധിപ്പിക്കണം എന്ന് അഭ്യർത്ഥിച്ച് കേരളാ സ്വാശ്രയ ആർട്സ് & സയൻസ് കോളേജ് മാനേജ്മെന്റ് അസോസിയേഷൻ സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിലാണ് ഫീസ് നിരക്ക് വർദ്ധിപ്പിച്ചത് . ഇക്കാര്യത്തിൽ മാനേജുമെന്റുകളുമായി ചർച്ച നടത്തിയിട്ടില്ല. ഫീസ് നിരക്ക് വർദ്ധിപ്പിച്ചെങ്കിലും ,സ്പെഷ്യൽ ഫീ പിരിക്കുന്ന സമ്പ്രദായം നിർത്തലാക്കിയിട്ടുണ്ട്. അതിനാൽ വിദ്യാർത്ഥികൾക്ക് അധിക ബാദ്ധ്യത വലിയതോതിൽ |

അനുഭവപ്പെടുകയില്ല എന്നതാണ് സർക്കാരിന്റെ നിഗമനം.

സി ഇക്കാര്യത്തിൽ സർക്കാരിന്റെ അഭിപ്രായം എന്താണെന്ന് വെളിപ്പെടുത്താമോ;

ഡി സ്വാശ്രയ കോളേജുകളിൽ പ്രവേശനം നേടുന്ന സാധാരണക്കാരായ വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യഭ്യാസം സാധ്യമാക്കും വിധം ഈ വർദ്ധനവ് പിൻവലിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ?

സെക്ഷൻ ഓഫീസർ